(എ) സംസ്ഥാന സർക്കാർ നടത്തുന്ന ലോട്ടറികൾ നിരോധിക്കണമെന്ന നിലപാട് കേന്ദ്ര സർക്കാർ പുനഃപരിശോധിച്ചിട്ടുണ്ടോ;

(ബി) ലോട്ടറി നിരോധനത്തിൽ നിന്നും കേരളത്തെ ഒഴിവാക്കണമെന്ന് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ആവശ്യത്തിന്മേൽ കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്രസർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാർ ഇതുവരെ എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) കഴിഞ്ഞ പത്തുവർഷമായി ലോട്ടറി ഇനത്തിൽ സംസ്ഥാനത്തിനു ലഭിച്ചിട്ടുള്ള ലാഭം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ലോട്ടറിയുമായി ബന്ധപ്പെട്ട് പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) പുനഃപരിശോധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വ്യക്തമായ പ്രതികരണം ലഭിച്ചിട്ടില്ല.

(ഡി) ഭാഗ്യക്കുറി നിരോധന വാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ സംസ്ഥാന ഭാഗ്യക്കുറിയെ സംബന്ധിച്ച സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന ധനകാര്യമന്ത്രി കേന്ദ്ര ആഭ്യന്തരമന്ത്രിയ്ക്ക് രണ്ടു തവണ കത്തെഴുതുകയും പ്രസ്തുത കത്തിലെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അറിയിക്കുകയും ചെയ്തു. ഈ നിരോധനം ബില്ലായി പാർലമെന്റിൽ കൊണ്ടുവരാതിരിക്കാൻ കേരള സർക്കാർ സാദ്ധ്യമായ എല്ലാ സമ്മർദ്ദവും ചെലുത്തിവരികയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തികൊണ്ട് ധനകാര്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര ആഭ്യന്തരമന്ത്രിയ്ക്കും ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്.

കൂടാതെ മുഖ്യമന്ത്രി പ്രധാനമന്ത്രിക്കു നൽകുന്ന മെമ്മോറാണ്ടത്തിൽ ഈ ആവശ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽനിന്നുള്ള എം.പി.മാർ സംയുക്തമായി ചെറുത്തുനിൽപ്പ് സംഘടിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) കഴിഞ്ഞ പത്തുവർഷത്തിൽ ലോട്ടറിയിൽ നിന്നും ലഭിച്ച ലാഭം 100,14,40736/- രൂപയാണ്.

(എഫ്) 459 വകുപ്പുജീവനക്കാരും 32000 ത്തോളം വരുന്ന ഏജന്റുമാരും രണ്ടരലക്ഷത്തോളം വരുന്ന വിൽപ്പനക്കാരും മറ്റു തൊഴിലാളികളും ലോട്ടറിയുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നുണ്ട്.

27 (*87) കിഴങ്ങുവർഗ്ഗ കൃഷി വികസനം

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നത് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു ഭക്ഷ്യ പദാർത്ഥമെന്ന നിലയിൽ കിഴങ്ങു വർഗ്ഗ കൃഷി വികസിപ്പിക്കുന്നതിന് സർക്കാരിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മരിച്ചീനി ഉത്പാദനം വളരെ കുറഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകുമോ എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)

(എ) ഉണ്ട്. കിഴങ്ങു വർഗ്ഗങ്ങൾക്കുണ്ടായ വിലക്കുറവും മറ്റ് നാണ്യ വിളകൾ കൃഷി ചെയ്യുന്നതാണ് കൂടുതൽ ആദായകരമാണെന്ന കർഷകരുടെ കണ്ടെത്തലുമാണ് കിഴങ്ങു കൃഷി കുറഞ്ഞു വരുന്നതിന് കാരണം. ജനങ്ങളുടെ ഭക്ഷണ രീതിയിലുണ്ടായ മാറ്റവും, കിഴങ്ങുവർഗ്ഗങ്ങൾ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങളുടെ കുറവും ഉല്പാദനം കുറയാൻ കാരണമായിട്ടുണ്ട്.

(ബി) കിഴങ്ങു വർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൂറ് ശതമാനം കേന്ദ്ര സഹായമുള്ള ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 25 സെന്റ് വീതമുള്ള 250 പ്രദർശന തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് തോട്ടമൊന്നിന് 500 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വിത്ത്, വളം, സസ്യ സംരക്ഷണ മരുന്നുകൾ എന്നിവയ്ക്കായി ഈ തുക ചെലവഴിക്കാവുന്നതാണ്. കൂടാതെ കിറ്റ് ഒന്നിന് 200 രൂപ വില വരുന്നതും നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവയടങ്ങുന്നതുമായ 1200 മിനി കിറ്റുകൾ കർഷകർക്ക് നൽകുന്നതാണ്.

(സി) 1985-86 മുതൽ 1995-96 വരെയുള്ള കാലഘട്ടത്തിൽ മരിച്ചീനിയുടെ ഉത്പാദനം കുറഞ്ഞു വരുന്നതായി കണ്ടെത്തിയിരുന്നു. എന്നാൽ 1996-97 മുതൽ ഉല്പാദനം വർദ്ധിച്ചു വരുന്നതായി കാണുന്നു.

(ഡി) ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്.

28 (*88) മണ്ഡരിരോഗം

ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരിരോഗം തടയുന്നതിനായി സംസ്ഥാന ഗവൺമെന്റ് ഇതുവരെ ചെലവഴിച്ച തുക എത്ര;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) കേന്ദ്രസർക്കാരിൽ നിന്നും എന്തുതുകയാണ് ഈ ആവശ്യത്തിലേക്ക് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്;

(ഡി) ഇതുവരെ എന്തു തുക ലഭിച്ചു എന്നറിയിക്കുമോ;

(ഇ) പ്രതിരോധ നടപടികൾക്കായി ഉപയോഗിക്കുന്ന കീടനാശിനികൾ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly